പോലീസ് സ്റ്റേഷനിൽ ഉണ്ടായ ഒരു വിഷയത്തെക്കുറിച്ച് പറഞ്ഞു. അതിൽ അദ്ദേഹം ഐ.പി.സി. 452 തുടങ്ങിയ ചില വകുപ്പുകളെക്കുറിച്ച് പറഞ്ഞു. മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ അങ്ങനെയൊരു വകുപ്പില്ലായെന്ന് പറഞ്ഞു. ക്രൈം നമ്പർ ,106, 107 അതാണ് ഐ.പി.സി. വകുപ്പ് എന്ന് പറഞ്ഞു. മുഖ്യമന്ത്രി വളരെ പരിചയസമ്പന്നനായ ഒരു ഭരണാധികാരി കൂടിയാണ്. അദ്ദേഹത്തിന് ഇൻഡ്യൻശിക്ഷാ നിയമത്തിലെ വകുപ്പുകളെല്ലാം അറിയണമെന്നില്ല. പക്ഷെ ഇൻഡ്യൻ ശിക്ഷാനിയമം എന്താണെന്നും ക്രൈം നമ്പർ എന്താണെന്നും അദ്ദേഹത്തിന് അറിയാം. അപ്പോൾ വളരെ ബോധപൂർവം ഇവിടെ ഡിബേറ്റ് വന്നതിനുശേഷവും അത് മറച്ചു വച്ചു. അങ്ങ് മുഖ്യമന്ത്രിയാണ്. ഇഷ്ടമുള്ളത് പറയാം. ഐ.പി.സി. യെന്ന് പറയുന്നത് ശരിയല്ലെന്ന് ഒരു മെമ്പറോട് ഇവിടെ തർക്കിച്ചശേഷം ഐ.പി.സി. ക്രൈം നമ്പറാണെന്ന് നിയമസഭയിൽ പറയുന്നത് ഓർഡറിലാണോ? ആ നിലയിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിൽ ഞങ്ങളുടെ പ്രൊട്ടക്ഷൻ ഞങ്ങൾക്ക് ആവശ്യമാണ്.

മി. സ്പീക്കർ : അങ്ങനെ പറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : ഇന്നലെ ഇവിടെ പറഞ്ഞു. അങ്ങേയ്ക്ക് പ്രൊസീഡിംഗ്സ് പരിശോധിക്കാം. ഇന്നലെ ശ്രീ. ആര്യാടൻ മുഹമ്മദ് ഐ.പി.സി. യിലെ ഇന്നയിന്ന സെക്ഷൻസ് പ്രകാരം കേസെടുത്തിട്ടുണ്ടെന്ന് പറഞ്ഞു. അതിനകത്ത് ഭവനഭേദനം എന്നു പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞു. അങ്ങനെയൊരു വകുപ്പില്ലെന്ന്. അദ്ദേഹം ക്രൈം നമ്പർ 106 ഉം 107 ഉം ആണ് പറഞ്ഞത്. അത് പരിശോധിക്കണം.

മി. സ്പീക്കർ : മുഖ്യമന്ത്രിക്കുവേണ്ടി കൂടി ഞാൻ അത് പരിശോധിക്കാം.

ശ്രീ. ടി.എം. ജേക്കബ് : അങ്ങനെയാണെങ്കിൽ പറയാം. ഐ.പി.സി. 452 ഇല്ലെന്ന്. അതിൽ ഞങ്ങൾക്ക് തർക്കമൊന്നുമില്ല. പക്ഷേ ഐ.പി.സി. യെന്നു പറയുന്നതും ക്രൈം നമ്പറും ഒന്നാണോ? അതാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്.

മുഖ്യമന്ത്രി ; ഐ.പി.സി. ഇല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ടി.എം. ജേക്കബ് : അങ്ങനെ പറഞ്ഞു.

മി. സ്പീക്കർ : ഞാൻ മുഖ്യമന്ത്രിക്കുവേണ്ടി പരിശോധിക്കാം. അതിൽ ഒരു ഡിബേറ്റിന്റെ കാര്യമേയില്ല.

IV. സബ്മിഷൻ

(1) മഞ്ചേശ്വരത്ത് കൃഷ്ണൻ എന്നയാളുടെ ഭാര്യയെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച്

ശ്രീ. ചെർക്കളം അബ്ദുള്ള : മഞ്ചേശ്വരം പോലീസിന് എതിരായി, ഒരു സമൂഹത്തിന് നീതി ലഭിക്കാത്ത ഒരു പ്രധാനപ്പെട്ട പ്രശ്നത്തെ സംബന്ധിച്ചാണ് ബഹു. മന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽ ഈ സബ്മിഷൻ കൊണ്ടുവരുന്നത്. മഞ്ചേശ്വരം കടംപാറിനടുത്ത് കോടിച്ചാലിൽ താമസിക്കുന്ന കൃഷ്ണന്റെ ഭാര്യ പട്ടികജാതിക്കാരി ശ്രീമതി എം. മണിയെ 16.6.99-ന് മഞ്ചേശ്വരം പോലീസ് സബ് ഇൻസ്പെക്ടറും രണ്ട് ഹെഡ്കോൺസ്റ്റബിൾമാരും ഒരു കോൺസ്റ്റബിളും യാതൊരു പ്രകോപനവുമില്ലാതെ അകാരണമായി വീട്ടിൽ കയറി ആക്രമിക്കുകയും അസഭ്യങ്ങൾ വിളിക്കുകയും ബലാൽക്കാരമായി ഭർത്താവുപോലും വീട്ടിൽ ഇല്ലാത്ത നേരത്ത് ജീപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

വലിച്ചിട്ട് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി പോലീസുകാരുടേയും അവിടെ പരാതികളുമായി വന്ന പബ്ലിക്കിന്റേയും മുമ്പിൽ വച്ച് മർദ്ദിക്കുകയും ചീത്ത വിളിക്കുകയും കള്ളക്കേസ് രജിസ്റ്റർ ചെയ്ത് കാസർഗോഡ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ സ്ത്രീയെ ഹാജരാക്കുകയും ചെയ്ത അത്യന്തം ഖേദകരമായ സംഭവം നടന്നിരിക്കുകയാണ്. കോടതി പ്രസ്തുത സ്ത്രീയെ സ്വന്തം ജാമ്യത്തിൽ വിട്ടയച്ചതിനാൽ അതുകൊണ്ടു തന്നെ കേസ് എടുത്തതിലും മർദ്ദിച്ചതിലും പീഡിപ്പിച്ചതിലും കാരണങ്ങളൊന്നും ഇല്ലെന്നു വ്യക്തമാകുകയാണ്. ഇതു സംബന്ധിച്ച് ശ്രീമതി മണി സ്പെഷ്യൽ മൊബൈൽ സ്കാഡിൽ പരാതി നൽകിയിട്ടുണ്ട്. ഇതൊരു ക്രൂരകൃത്യമാണ്. മഞ്ചേശ്വരം പോലീസ് സബ് ഇൻസ്പെക്ടർ അവിടത്തെ പിന്നോക്ക ജനവിഭാഗങ്ങളോടും ന്യൂനപക്ഷ ജനവിഭാഗങ്ങളോടും കാണിച്ചുകൊണ്ടിരിക്കുന്ന ക്രൂര വിനോദങ്ങളുടെ ഒരു സാമ്പിൾ മാത്രമാണ് ഈ സംഭവം. മഞ്ചേശ്വരം സബ്ഇൻസ്പെക്ടറും മൂന്നു പോലീസുകാരും നടത്തിയ ഈ ക്രൂരവിനോദത്തിന് എതിരായി അവരുടെ പേരിൽ 1989-ലെ ഷെഡ്യൂൾ കാസ്റ്റ് ഷെഡ്യൂൾ ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് നിയമത്തിലെ സെക്ഷൻ 3(1) സബ് സെക്ഷൻ 10,11,15 അനുസരിച്ച് പോയാൽ സെക്ഷൻ 1(2)ലെ ക്ലാസ്(7) അനുസരിച്ചും നിയമനടപടികൾ സ്വീകരിക്കണമെന്നും സാമൂഹ്യ നീതിക്കെതിരായി പട്ടികജാതി സ്ത്രീയെ അപമാനിക്കുകയും മർദ്ദിക്കുകയും ചെയ്ത മഞ്ചേശ്വരം പോലീസ് സബ് ഇൻസ്പെക്ടറേയും ഹെഡ് കോൺസ്റ്റബിൾ അടക്കമുള്ള പോലീസുകാരെയും ഉടനെ സ്ഥലം മാറ്റണമെന്നും അത്തരത്തിലുള്ള ക്രൂരമായ സമീപനം പോലീസുകാരുടെ ഭാഗത്തു നിന്നും ഉണ്ടാകരുതെന്നും അത് തടയാൻ പോലീസ് വകുപ്പിന് പ്രത്യേകമായ നിർദ്ദേശം നൽകണമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രിയോടും ഈ സഭയോടും ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കാസർഗോഡ് മഞ്ചേശ്വരം ഹൊസ്സങ്കുടിയിൽ താമസിക്കുന്ന തമിഴ്നാട് പട്ടുക്കോട്ട സ്വദേശി എന്നുള്ളത് വിട്ടുകളഞ്ഞിരിക്കുന്നു. വായിച്ചപ്പോൾ ഞാൻ കേട്ടുകൊണ്ടിരിക്കുകയല്ലേ? തമിഴ്നാട് സ്വദേശി ഗുണശേഖരനെ കൊടിച്ചാലിൽ കൃഷ്ണൻ ദേഹോപദ്രവമേൽപ്പിച്ചതായും, എന്നതും നിങ്ങളുടേതിൽ ഇല്ല. ഭീഷണിപ്പെടുത്തിയതായും 16.6.99-ന് മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ പരാതി കിട്ടി. കേസന്വേഷണം നടത്തുന്നതിനായി ചെന്ന ഒരു പോലീസുകാരനെ കൃഷ്ണന്റെ ഭാര്യ മണി അസഭ്യം വിളിക്കുകയും (മാത്രമല്ല, കോടാലിവരെ എടുത്തു. ഇതൊന്നും അതിലില്ല. അതിലില്ലാത്തതാണ് ഞാൻ പറയുന്നത്.) ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന പോലീസുകാരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം 147/99-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സബ് ഇൻസ്പെക്ടർ, വനിതാ പോലീസിന്റെ സഹായത്തോടെ മണിയെ അറസ്റ്റുചെയ്തു കോടതിയിൽ ഹാജരാക്കി. (അതും നിങ്ങളുടേതിൽ ഇല്ല.) കോടതി അവരെ താൽക്കാലിക ജാമ്യത്തിൽ വിട്ടയച്ചു. അത് അതിലുണ്ട്. കോടതിയുടെ നിർദ്ദേശാനുസരണം വനിതാ പോലീസുകാരോടൊപ്പം മണിയെ വീട്ടിൽ വിട്ടു. പോലീസുകാർ പീഡിപ്പിക്കുകയും ജാതിപ്പേരു വിളിച്ച് ആക്ഷേപിച്ചെന്നും കാണിച്ച്, മണി ജൂൺ 18-ാം തീയതി കാസർഗോഡ് സ്പെഷ്യൽ മൊബൈൽ സ്കാഡിനു നൽകിയ പരാതിയെപ്പറ്റി അന്വേഷിച്ചു നടപടി സ്വീകരിക്കാൻ കാസർഗോഡ് ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.ക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇത്രയൊക്കെയേ ഉള്ളു.

362/2010.

LIBRARY ARCHIVES Kerala Legislative Assembly